**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5039** **04-07-2024 - ൽ മറുപടിയ്ക്ക്**

**അധ്യയന ദിനങ്ങൾ 220 ആക്കിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അധ്യയന ദിനങ്ങൾ 220 ദിവസമാക്കിയ തീരുമാനത്തിൽ നിന്നും ഒന്നു മുതൽ അഞ്ചുവരെയുള്ള ക്ലാസുകളെ ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | പ്രവൃത്തി ദിനങ്ങൾ 220 ആക്കിയ തീരുമാനത്തിൽ നിന്നും 1 മുതൽ 5 വരെയുള്ള ക്ലാസുകളെ ഒഴിവാക്കിയിട്ടില്ല. 220 പ്രവൃത്തി ദിനത്തിൽ ഒന്നാം പാദവാർഷിക പരീക്ഷയ്ക്കായി എട്ട് പ്രവൃത്തി ദിനങ്ങളും, രണ്ടാം പാദവാർഷിക പരീക്ഷയ്ക്കായി ആറ് പ്രവൃത്തി ദിനങ്ങളും വാർഷിക പരീക്ഷയ്ക്കായി 22 പ്രവൃത്തി ദിനങ്ങളും നീക്കിവച്ചിട്ടുണ്ട്. ഓണം, ക്രിസ്തുമസ് ആഘോഷങ്ങൾക്കായി രണ്ട് ദിവസം അടക്കം 38 ദിനങ്ങൾ 220 പ്രവൃത്തി ദിനങ്ങളിൽ നിന്നും മാറ്റിവയ്ക്കേണ്ടതായി വരും. കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുള്ള ശനിയാഴ്ചകളിലെ ആറ് ക്ലസ്റ്റർ യോഗങ്ങൾക്ക് അവധി നൽകേണ്ടി വരുന്നതുമൂലം ആകെ 38 + 6 = 44 പ്രവൃത്തി ദിനങ്ങൾ ബോധനദിനങ്ങൾ അല്ലാതായി മാറും. മഴക്കെടുതികൾ, മറ്റേതെങ്കിലും വിധത്തിലുണ്ടാകുന്ന പ്രാദേശിക അവധികൾ എന്നിവ കണക്കിലെടുത്ത് ശരാശരി ആറ് ദിവസം കൂടി പ്രവൃത്തി ദിനങ്ങളിൽ നിന്ന് നഷ്ടപ്പെടുന്നുണ്ട്. തൻമൂലം ലഭിക്കാവുന്ന അധ്യയന ദിനങ്ങൾ 170 മാത്രമാണ്. |
| (ബി) | 220 അധ്യയന ദിനങ്ങൾ ആയി വിദ്യാഭ്യാസ കലണ്ടർ പരിഷ്കരിച്ചത് ഏതെങ്കിലും ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | 220 പ്രവൃത്തി ദിനങ്ങൾ ആയി വിദ്യാഭ്യാസ കലണ്ടർ പരിഷ്കരിച്ചതിലേയ്ക്ക് ഇപ്പോൾ പഠനം നടത്തിയിട്ടില്ല. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 7 ചട്ടം (3), 2009 ലെ കേന്ദ്രനിയമമായ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമത്തിലെ പട്ടികയിലെ വ്യവസ്ഥ എന്നിവ നിഷ്കർഷിച്ച പ്രകാരമുള്ള അധ്യയന ദിനങ്ങൾ, അധ്യയന മണിക്കൂർ ലഭിക്കത്തക്ക വിധത്തിലാണ് കലണ്ടർ പരിഷ്കരിച്ചത്. |

സെക്ഷൻ ഓഫീസർ